LIBRARY ARCHIVES Kerala Legislative Assembly

വാർദ്ധക്യകാല പെൻഷൻ

338 (1812) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്രപേർക്കാണ് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചു നൽകിയിട്ടുള്ളത് ;

(ബി) 2011 മേയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം എത്ര രൂപയായിരുന്നു;

(സി) ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ എത്ര രൂപയാണ്, എത്രമാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(ഡി) പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടുന്നത്?

ഉത്തരം

(എ) 1253563 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുണ്ട്.

(ബി) 2011 മേയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 400 രൂപയായിരുന്നു.

(സി) നിലവിൽ വാർദ്ധക്യകാല പെൻഷൻ 60 വയസ്സുമുതൽ 79 വയസ്സു വരെയുള്ളവർക്ക് പ്രതിമാസം 600 രൂപയും 80 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്ക് 1200 രൂപയും നൽകിവരുന്നു. ക്ഷേമപെൻഷനുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രകാരത്തിലാണ് കുടിശ്ശികയായിട്ടുള്ളത്. 2014 സെപ്റ്റംബർ മാസം മുതൽ 2015 ജനുവരി മാസം വരെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്.

(ഡി) വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്യുന്നതിനായി 3660921915 രൂപ വേണ്ടിവരും.

സാമൂഹ്യസുരക്ഷാ പദ്ധതികൾ

339 (1813) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുള്ള സാമൂഹ്യസുരക്ഷാ പദ്ധതി വിഹിതം കേന്ദ്ര സർക്കാർ ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിഹിതം പുനഃസ്ഥാപിച്ചുകിട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതുമൂലം ഏതെല്ലാം പദ്ധതികൾക്കാണ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ; ഈ പ്രതിസന്ധി എപ്രകാരം പരിഹരിക്കുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

നമ്പർ	പദ്ധതി	നിലവിലുണ്ടായിരുന്ന കേന്ദ്ര-സംസ്ഥാന വിഹിതം	പുതുക്കിയ വിഹിതം
1	സംയോജിത ശിശുവികസന പദ്ധതി	90:10	60:40
2	കിശോരി ശക്തിയോജന	100%	60:40
3	കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പദ്ധതി	100%	60:40
4	ഐ.സി.ഡി.എസ്. പരിശീലനപരിപാടി	90:10	60:40
5	ഇന്ദിരാഗാന്ധിമാതൃത്വ സഹയോഗ് യോജന	100%	60:40

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുസംരക്ഷണം പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കും കേന്ദ്രസർക്കാർ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനം

340 (1814) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഇത്തരം കുട്ടികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കി വരുന്നത്, വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly